തെങ്ങിൻ തോപ്പുകളിൽ സസ്യ സംരക്ഷണ മുറകൾ സ്വീകരിക്കുന്നതിനും കീട രോഗ നിയന്ത്രണത്തിനും സഹായം നൽകുന്നുണ്ട്. വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം കീട-രോഗ നിരീക്ഷണം നടത്തുകയും ആവശ്യമായ സന്ദർഭങ്ങളിൽ രോഗ നിയന്ത്രണത്തിനുള്ള നിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കുമ്പചീയൽ രോഗം സ്ഥിരമായി കാണുന്ന പ്രദേശങ്ങളിൽ കാലവർഷാരംഭത്തിൽ തന്നെ രോഗ പ്രതിരോധ നടപടികൾ സ്വീകരിക്കുവാൻ കർഷകർക്ക് നിർദ്ദേശം നൽകുന്നുണ്ട്. പെട്ടെന്ന് ഉണ്ടാകുന്ന കീട-രോഗ ബാധ ശ്രദ്ധയിൽപ്പെടുന്ന സ്ഥലങ്ങളിൽ ശാസ്ത്രജ്ഞരും വിദഗ്ധരും അടങ്ങുന്ന മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക്ക് ടീം (MDDT) പരിശോധന നടത്തി കർഷകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. MDDT-യുടെ ശിപാർശയനുസരിച്ച് മരുന്ന് തളിക്കുന്നതിന് മരുന്നിന്റെ വിലയും കൂലിച്ചെലവുമുൾപ്പെടെ സാമ്പത്തിക സഹായം നൽകുന്നതിന് കണ്ടിജൻസി പ്രോഗ്രാമിൽ 2015-16 സാമ്പത്തിക വർഷം 200 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഐ.എ.വൈ. കേന്ദ്ര-സംസ്ഥാന ഫണ്ട് അനുപാതം

1 (3203) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. എ. വൈ. പ്രകാരമുള്ള വീട് നിർമ്മാണത്തിന്റെ കേന്ദ്ര -സംസ്ഥാന ഫണ്ട് അനുപാതത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; എങ്കിൽ നിലവിലുള്ള അനുപാതം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്ര സഹായത്തിന്റെ അനുപാതം കുറച്ചിട്ടുണ്ടെങ്കിൽ അതനുസരിച്ച് സംസ്ഥാന വിഹിതം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരമുള്ള വീട് നിർമ്മാണത്തിന്റെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്നും എങ്കിൽ എത്ര തുകയായി വർദ്ധിപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ആയതിന് എന്ന് മുതൽ പ്രാബല്യം നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഐ.എ.വൈ. യൂണിറ്റ് കോസ്റ്റ് ഇകയുടെ കേന്ദ്ര-സംസ്ഥാന വിഹിതത്തിന്റെ അനുപാതം 2014-15 വരെയുണ്ടായിരുന്ന 75:25 എന്നതിൽനിന്നും 2015-16 മുതൽ 60:40 ആയി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര ഫണ്ട് അനുവദിക്കുന്നതിനനുസരിച്ച് സംസ്ഥാന വിഹിതം നിശ്ചയിച്ചറിയിക്കുന്ന അനുപാതത്തിൽ തന്നെ അനുവദിക്കുന്നതാണ്.

(സി) ഐ.എ.വൈ. പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് സംസ്ഥാന ഗവൺമെന്റ് ജനറൽ വിഭാഗത്തിന് 2 ലക്ഷം രൂപയായും എസ്.സി./എസ്.റ്റി. വിഭാഗത്തിന് 3 ലക്ഷം രൂപയായും 2015-16 വർഷം മുതൽ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

വി.ഇ.ഒ. പ്രീസർവ്വീസ് ട്രെയിനിംഗ്

2 (3204) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ വി.ഇ.ഒ.-മാർക്ക് പ്രീസർവ്വീസ് ട്രെയിനിംഗ് സമയത്ത് ലഭിക്കുന്ന സ്റ്റൈപ്പന്റ് എത്ര രൂപയാണ്;

(ബി) അതാത് സമയത്തെ വി.ഇ.ഒ. ഗ്രേഡ് II അടിസ്ഥാന ശമ്പളമായാണോ പ്രത്യേകം സ്റ്റൈപ്പന്റ് ആയാണോ പ്രസ്തുത ഇക നൽകുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രീസർവ്വീസ് കോഴ്സ്, ഇൻസർവ്വീസ് കോഴ്സാക്കി അടിസ്ഥാന ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) മറ്റേതെങ്കിലും വകുപ്പിൽ പ്രീസർവ്വീസ് കോഴ്സ് നിലവിലുണ്ടോ ; എങ്കിൽ അവർക്ക് നൽകുന്ന വേതനം എത്രയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പ്രതിമാസം 10,480 (പതിനായിരത്തി നാനൂറ്റി എൺപത് രൂപാ മാത്രം).

(ബി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II തസ്തികയുടെ അടിസ്ഥാന ശമ്പളം (അലവൻസുകൾ ഒഴികെ) സ്റ്റൈപ്പന്റായി നൽകി വരുന്നു.

(സി) സർക്കാർ ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly